# ഗവൺമെൻറ് പബ്ലിക് ഹെൽത്ത് ട്രെയിനിങ് സ്കൂൾ തിരുവനന്തപുരം

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1691/2020/ആ.കു.വ തീയതി 17.09.2020 പ്രകാരം ആരോഗ്യ വകുപ്പ് കീഴിലുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ രണ്ടാം വർഷ ഓൺലൈൻ വൈവ പരീക്ഷ നടത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ**

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് 2018-20, 2017-19 ബാച്ച് വിദ്യാർത്ഥികളുടെ ഒന്നാം വർഷ - രണ്ടാം വർഷ റെഗുലർ പരീക്ഷകളും മറ്റു ബാച്ചുകളുടെ റീ അപ്പിയറൻസ് പരീക്ഷകളും മാർച്ച് 16 മുതൽ 27 വരെ നടത്താൻ നിശ്ചയിച്ചിരുന്നു. എന്നാൽ കോവിഡ് -19 മഹാമാരിയെ തുടർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുകയും പരീക്ഷകൾ മാറ്റിവെക്കുകയും ചെയ്തതിനാൽ മുൻ നിശ്ചയിച്ച പ്രകാരം പരീക്ഷകൾ നടത്തുവാനായില്ല.

തുടർന്ന് കോവിഡ്-19 നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1691/2020/ആ.കു.വ തീയതി: 17.09.2020 പ്രകാരം രണ്ടാം വർഷ റെഗുലർ - റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെ ഓൺലൈൻ വൈവ പരീക്ഷകൾ നടത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ടി പരീക്ഷ നടത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ ചുവടെ ചേർക്കുന്നു

1. രണ്ടാം വർഷ റെഗുലർ പരീക്ഷ എഴുതുന്നതിനായി ഫീസൊടുക്കി അപേക്ഷ നൽകിയത് 530 വിദ്യാർത്ഥികളാണ്. എന്നാൽ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ഇതിൽ 520 വിദ്യാർത്ഥികളാണ് ഓൺലൈൻ വൈവ പരീക്ഷക്ക് പങ്കെടുക്കാൻ അർഹരാവുക. 10 വിദ്യാർത്ഥികൾ അവരുടെ ഒന്നാം വർഷ പരീക്ഷയിൽ ഒരു വിഷയം പോലും പാസ്സാകാത്തവരാണ്.

2. ഒരു സ്ഥാപനത്തിൽ പരീക്ഷ എഴുതുന്ന റെഗുലർ വിദ്യാർത്ഥികളുടെ പരമാവധി എണ്ണം 30 ആണ്. ഇതേ സ്ഥാപനത്തിലെ തന്നെ ഏകദേശം 5-10 ഓളം റീ അപ്പിയറൻസ് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഒരു സ്ഥാപനത്തിൽ നിന്ന് 30 മുതൽ 35 വിദ്യാർത്ഥികൾ വരെ പരീക്ഷ എഴുതുവാൻ അർഹരായിരിക്കും.

3. ഒരു ദിവസം ഒരു സ്ഥാപനത്തിലെ റെഗുലർ - റീ അപ്പിയറൻസ് വിദ്യാർത്ഥികൾക്ക് 5 വിഷയങ്ങൾക്കും ഓൺലൈൻ വൈവ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. വാട്ട്സ്ആപ്പ് വീഡിയോ കാൾ മുഖാന്തിരം വിദ്യാർത്ഥികളോട് വൈവ ചോദ്യങ്ങൾ ചോദിച്ച് മാർക്ക് നൽകുന്നതാണ്. ഇതേ രീതിയിൽ 19 ദിവസങ്ങൾ കൊണ്ട് 19 സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികളുടെ പരീക്ഷാനടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

4. വൈവ പരീക്ഷ നടത്തുന്നതിനായി ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിങ് സ്കൂൾ തിരുവനന്തപുരം, ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ട്രെയിനിങ് സെന്റർ കോഴിക്കോട്, ഗവ. പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പാലക്കാട് എന്നിവിടങ്ങളിലെ രണ്ടാം വർഷ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഫാക്കൽറ്റികളെ ചുമതലപ്പെടുത്തുന്നതാണ്.

5. ഓരോ സ്ഥാപനത്തിലെ വിദ്യാർത്ഥികളെയും, സ്ഥാപനമേധാവിയെയും, പ്രിൻസിപ്പാൾ, ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിങ് സ്കൂൾ തിരുവനന്തപുരം, പ്രിൻസിപ്പാൾ, ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ട്രെയിനിങ് സെന്റർ കോഴിക്കോട്, കോഴ്സ് ഡയറക്ടർ ഗവ. പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പാലക്കാട് ( പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന ഓഫീസ് സ്റ്റാഫ് എന്നിവരെയടക്കം), ഉൾപ്പെടുത്തി ഒരു സ്ഥാപനത്തിന് ഒരു വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്. ഇതിലേക്ക് വൈവ എക്സാമിനർമാരെ പരീക്ഷയുടെ അന്നേ ദിവസം രാവിലെ മാത്രം ഉൾപ്പെടുത്തുന്നതാണ്. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ ഗ്രൂപ്പ് വഴി വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിക്കും കൈമാറുന്നതായിരിക്കും.

6. വാട്ട്സ്ആപ്പ് / ഓൺലൈൻ സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾ അവരവരുടെ സ്ഥാപനമേധാവികളുമായി ബന്ധപ്പെട്ട് പരീക്ഷക്ക് പങ്കെടുക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ സ്വന്തമായി ചെയ്യേണ്ടതാണ്. ഇന്റർനെറ്റ് സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷക്ക് പങ്കെടുക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. പരീക്ഷക്ക് ശരിയായ രീതിയിൽ പങ്കെടുക്കേണ്ടത് പരീക്ഷാർത്ഥിയുടെ ഉത്തരവാദിത്തമാണ്.

7. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ഗ്രൂപ്പിൽ നൽകുന്ന നിർദ്ദേശത്തോടെ വിദ്യാർത്ഥികളെ 6 പേരടങ്ങുന്ന ഒരു കൂട്ടമായി (സെറ്റ്) തിരിച്ച് അത്രയും പേരോട് ഒരു സമയം പേപ്പർ I ന്റെ വൈവ എക്സാമിനർ രജിസ്റ്റർ നമ്പർ ക്രമത്തിൽ വൈവ ചോദ്യങ്ങൾ ചോദിക്കും. ഇതേ സമയം തന്നെ അടുത്ത 6 വിദ്യാർത്ഥികൾക്ക് പേപ്പർ II ന്റെ എക്സാമിനർ രജിസ്റ്റർ നമ്പർ ക്രമത്തിൽ വൈവ നടത്തും. ഇതേ രീതിയിൽ ഒരേ സമയം 5 വിഷയങ്ങളുടെയും വൈവ പരീക്ഷ നടക്കുന്നതായിരിക്കും. ഇങ്ങനെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് 5-6 ടൈം സ്ലോട്ടുകളായി ഒരു ദിവസം ഒരു സ്ഥാപനത്തിൽ നിന്ന് പരീക്ഷക്ക് പങ്കെടുക്കുന്ന മുഴുവൻ കുട്ടികളുടെയും ( റെഗുലർ - റീ അപ്പിയറൻസ് അടക്കം) വൈവ പരീക്ഷ പൂർത്തിയാക്കുന്നതാണ്. പരീക്ഷയുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ഗവ.പബ്ലിക് ഹെൽത്ത് ട്രെയിനിങ് സ്കൂളിലെ ഒന്നാം വർഷ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു മോക്ക് വൈവ പരീക്ഷ നടത്തുന്നതായിരിക്കും.

ഉദാഹരണം :

| Time Slot | Register Number | Paper |
|---|---|---|
| 10.30-11 AM | 1000-1005 (6 students) | Paper I |
| | 1006-1011 (6 students) | Paper II |
| | 1012-1017 (6 students) | Paper III |
| | 1018-1023 (6 students) | Paper IV |
| | 1024-1029 (6 students) | Paper V |
| 11 – 11.30 AM | 1024-1029 (6 students) | Paper I |
| | 1000-1005 (6 students) | Paper II |
| | 1006-1011 (6 students) | Paper III |
| | 1012-1017 (6 students) | Paper IV |
| | 1018-1023 (6 students) | Paper V |
| 11.30 – 12.00 AM | 1018-1023 (6 students) | Paper I |
| | 1024-1029 (6 students) | Paper II |
| | 1000-1005 (6 students) | Paper III |
| | 1006-1011 (6 students) | Paper IV |
| | 1012-1017 (6 students) | Paper V |
| 12.00-12.30 PM | 1012-1017 (6 students) | Paper I |
| | 1018-1023 (6 students) | Paper II |
| | 1024-1029 (6 students) | Paper III |
| | 1000-1005 (6 students) | Paper IV |
| | 1006-1011 (6 students) | Paper V |
| 12.30 - 01.00 PM | 1006-1011 (6 students) | Paper I |
| | 1012-1017 (6 students) | Paper II |
| | 1018-1023 (6 students) | Paper III |
| | 1024-1029 (6 students) | Paper IV |
| | 1000-1005 (6 students) | Paper V |

Group of students will go to each viva examiner in a clockwise manner in subsequent time slots. ( i.e, Group of students who have completed Paper 5 VIVA will move to Paper 1 VIVA. Similarly P1 to P2, P2 to P3, P3 to P4, P4 to P5 )

8. പരീക്ഷാർത്ഥികളുടെ തിയറി മാർക്ക്, റെക്കോർഡ് മാർക്ക്, ഇന്റേണൽ മാർക്ക് എന്നിവയടങ്ങിയ ഒരു മാർക്ക് ഷീറ്റ് വൈവ എക്സാമിനർമാർക്ക് പരീക്ഷാ സമയത്ത് നൽകുന്നതായിരിക്കും. വിദ്യാർത്ഥികളുടെ സ്ഥാപനമേധാവികൾ ലഭ്യമാക്കിയത് പ്രകാരമുള്ള റെക്കോർഡ് ന്റെ മാർക്ക് ആയിരിക്കും വിദ്യാർത്ഥികൾക്ക് നൽകുക. സ്ഥാപനമേധാവികൾ റെക്കോർഡ് മാർക്ക് ലഭ്യമാക്കിയിട്ടില്ലാത്ത വിദ്യാർത്ഥികളുടെ റെക്കോഡിനു ഓൺലൈൻ വൈവ നടത്തുന്ന സമയത്ത് വൈവ എക്സാമിനർ പരിശോധിച്ച് മാർക്ക് നൽകുന്നതാണ്.

9. പരീക്ഷാദിവസങ്ങളിൽ ഏതെങ്കിലും വൈവ എക്സാമിനർക്ക് തീർത്തും ഒഴിച്ചുകൂടാനാവാത്ത അടിയന്തിര സാഹചര്യത്താൽ വൈവ നടത്താൻ കഴിയാതെ വന്നാൽ ടി എക്സാമിനറുടെ വിഷയത്തിന്റെ വൈവ പരീക്ഷ ഏറ്റവും അവസാന ദിവസം നടത്തുന്നതും മറ്റുള്ള വിഷയങ്ങളുടെ വൈവ മുൻ നിശ്ചയിച്ച പ്രകാരം അന്നേ ദിവസം തന്നെ നടത്തുന്നതുമാണ്. ഇപ്രകാരം ഏതെങ്കിലും വൈവ എക്സാമിനർക്ക് തുടർച്ചയായി വൈവ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടാവുന്ന പക്ഷം പകരം നിശ്ചയിച്ചിട്ടുള്ള ഫാക്കൽറ്റികളെ ഉപയോഗപ്പെടുത്തി വൈവ പരീക്ഷ പൂർത്തിയാക്കുന്നതാണ്.

10. വൈവ പരീക്ഷ സമയത്ത് എക്സാമിനർമാരെ ഹാൾ ടിക്കറ്റ് കാണിച്ച് ബോധ്യപ്പെടുത്താത്ത വിദ്യാർത്ഥികളെ പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

11. ഓരോ വിഷയത്തിനും തിയറിക്കും വൈവക്കും കുറഞ്ഞത് 50 ശതമാനം വീതം മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളെ സർക്കാർ ഉത്തരവ് പ്രകാരം ആ വിഷയത്തിന് വിജയിച്ചതായി കണക്കാക്കും.

12. ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും എല്ലാ വിഷയങ്ങൾക്കും പൂർണ്ണമായി വിജയിച്ച വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ് ലഭിച്ചതിനു ശേഷം ഡിപ്ലോമ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകാവുന്നതാണ്.

13. ഓൺലൈൻ വൈവ പരീക്ഷക്ക് റീ വാലുവേഷൻ ഉണ്ടായിരിക്കുന്നതല്ല.

14. ഒന്നാം വർഷ റീ അപ്പിയറൻസിനു അപേക്ഷ നൽകിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോവിഡ് മഹാമാരിക്ക് ശേഷം പൊതുപരീക്ഷ നടക്കുന്ന സാഹചര്യത്തിൽ പരീക്ഷയിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നതാണ്.

സ്റ്റേറ്റ് നോഡൽ ഓഫീസർ

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

PRINCIPAL
Public Health Training School
Thiruvananthapuram

ആരോഗ്യ വകുപ്പ് ഡയറക്ടർ

ചെയർമാൻ, ബോർഡ് ഓഫ് എക്സാമിനേഷൻസ്